بِسم الله الرحمن الرحيم

# LEARN THE QUR-AN
# VIII$^{th}$ EXAMINATION - 2025

**സൂറത്ത് ( യാസീൻ,സാഫ്ഫാത്ത്,സബഅ് )**

## റിയാദ് ഇന്ത്യൻ ഇസ്‌ലാഹി സെന്റർ
## ഓപ്പൺ ബുക്ക് പരീക്ഷാ

1. സൂറത്ത് യാസീനിൽ പറഞ്ഞ കഥ ആരുടേത് ?

| | | | |
|---|---|---|---|
| A | തോട്ടക്കാരുടെ | B | രാജ്യക്കാരുടെ |
| C | മൂസാ നബിയുടെ | D | ഈസാ നബിയുടെ |

2. ആരെ "പിൻപറ്റുവീൻ" എന്നാണ് യാസീൻ പറയുന്നത് ?

| | |
|---|---|
| A | പണ്ഡിതന്മാരേയും പ്രബോധകന്മാരേയും |
| B | ശൈഖന്മായേും തങ്ങന്മാരേയും |
| C | പ്രതിഫലം ചോദിക്കാത്ത സന്മാർഗ്ഗികളെ |
| D | നേതാക്കളേയും ഭരണാധികളേയും |

3. നിങ്ങളെ ഞങ്ങൾ കല്ലെറിയുമെന്ന് പറഞ്ഞവർ എന്താണാവശ്യപ്പെടുന്നത് ?(യാസീൻ)

| | |
|---|---|
| A | നിങ്ങൾ പ്രബോധനത്തിൽ നിന്ന് വിരമിക്കാൻ |
| B | നാട്ടിൽ നിന്ന് പുറത്ത് പോകാൻ |
| C | നിങ്ങൾ തൗഹീദ് സമ്മതിക്കാൻ |
| D | അവർക്കനുകൂലമായി പ്രബോധനം ചെയ്യാൻ |

4. അല്ലാഹു അദ്ദേഹത്തിന് ശേഷം എവിടെ നിന്നുള്ള സൈന്യത്തെ ഇറക്കിയിട്ടില്ല എന്നാണ് പറഞ്ഞത് ?(യാസീൻ 28)

| | | | |
|---|---|---|---|
| A | മക്കയിൽ നിന്ന് | B | അന്താക്കിയയിൽ നിന്ന് |
| C | ആകാശത്ത് നിന്ന് | D | ഭൂമിയിൽ നിന്ന് |

5. ഖുർആനിന്റെ ഹൃദയമെന്ന് പറയപ്പെടുന്ന അദ്ധ്യായം ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | സ്വാഫ്ഫാത്ത് | B | ഫാതിർ | C | യാസീൻ | D | സബഅ് |

6. യാസീനിൽ പറഞ്ഞ ജനതയെ അല്ലാഹു എങ്ങിനെയാണ് നശിപ്പിച്ചത് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഭൂമികുലുക്കം | B | വെള്ളപൊക്കം | C | ഘോരശബ്ദം | D | തീകാറ്റ് |

7. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവാക്കുവീൻ എന്ന് പറഞ്ഞാൽ വിശ്വാസികളോട് അവിശ്വാസികൾ എന്ത് പറയും ? (യാസീൻ)

| | |
|---|---|
| A | അവരവർക്കുള്ളത് അവരവർ തന്നെ സമ്പാദിക്കട്ടെ |
| B | അല്ലാഹു കൊടുക്കാത്തവർക്ക് നമ്മളെന്തിന് കൊടുക്കുന്നു. |
| C | അല്ലാഹു ഭക്ഷിപ്പിക്കാനുദ്ദേശിക്കാത്തവർക്ക് നമ്മൾ ഭക്ഷിപ്പിക്കുകയോ? |
| D | അല്ലാഹു എല്ലാവർക്കും കണക്കില്ലാതെ ഭക്ഷിപ്പിക്കുന്നതാണ് |

8. അദൃശ്യമായ നിലയിൽ അല്ലാഹുവിനെ ഭയപ്പെട്ടവൻക്ക് അല്ലാഹു നൽകുന്നത് ? (യാസീൻ)

| | |
|---|---|
| A | അരുവികൾ ഒഴുകുന്ന സ്വർഗ്ഗം |
| B | പരാജയമില്ലാത്തവിജയം |
| C | നരകശിക്ഷയിൽ നിന്ന് മോചനം |
| D | പാപ മോചനവും മാന്യമായപ്രതിഫലവും |

9. നബി (സ) യോട് നീ അവർക്ക് നൽകിയാലും ഇല്ലെങ്കിലും സമമാണ് എന്ന് യാസീനിൽ പറഞ്ഞതെന്ത് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | സന്തോഷവാർത്ത | B | വാഗ്ദാനം | C | മുന്നറിയിപ്പ് | D | സക്കാത്ത് |

10. അല്ലാഹു കഴുത്തിൽ ആമം ഏർപ്പെടുത്തിയത് ആർക്കാണന്നാണ് ഖുർ ആൻ അറിയിക്കുന്നത്? (യാസീൻ)

| | | | |
|---|---|---|---|
| A | അവിശ്വാസികൾക്ക് | B | കപടവിശ്വാസികൾക്ക് |
| C | കുറ്റവാളികൾക്ക് | D | മുശ്രിക്കുകൾക്ക് |

11. അല്ലാഹു ഉദ്ദേശിക്കുന്ന കാര്യം ഉണ്ടാകാൻ പറയുന്ന വാക്കേത് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഖുൽ | B | മൻ | C | കുൻ | D | ലൻ |

12. ഖിയാമത്ത് നാളിൽ സീൽ വെക്കപ്പെടുന്ന അവയവം ഏതാണ്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | നാവ് | B | ബുദ്ധി | C | ഹൃദയം | D | വായ |

13. ഖിയാമത്ത് നാളിൽ സംസാരിക്കുമെന്ന് പറഞ്ഞത് ഏത് ? (യാസീൻ)

| | | | | | | | |
|---|---|---|---|---|---|---|---|
| A | കാലുകൾ | B | കയ്യുകൾ | C | വിശുദ്ധർ | D | നബിമാർ |

14. ശത്രുവായ പിശാചിനെകുറിച്ച് അല്ലാഹു ആജ്ഞാപനം നൽകിയിരിക്കുന്നത് എന്തായിരിന്നു? (യാസീൻ 60 )

| | | | |
|---|---|---|---|
| A | അവനെ അനുസരിക്കരുത് | B | അവനെ പിൻപറ്റരുത് |
| C | അവനെ വിശ്വസിക്കരുത് | D | അവനെ ആരാധിക്കരുത് |

15. സ്വർഗ്ഗവകാശികൾക്ക് പരലോകത്ത് എന്ത് ജോലിയായിരിക്കും മ ുഴുകിയിരിക്കുന്നത് ? (യാസീൻ 55 )

| | | | |
|---|---|---|---|
| A | ആരാധനകളിൽ | B | സാഷ്ടാംഗങ്ങളിൽ |
| C | സൽകർമ്മങ്ങളിൽ | D | സുഖാസ്വാദന ജോലികളിൽ |

16. ദീർഘായുസ്സ് നൽകുന്നവരുടെ പ്രകൃതിയിൽ വരുന്ന മാറ്റം യാസീനിന്റെ വിവരണത്തിൽ പറയാത്തത് ഏതാണ് ?

| | |
|---|---|
| A | എഴുന്നേൽക്കാനും നടക്കാനും വയ്യാതെ ശിശുമയനാകുന്നു |
| B | പരിണാമം സംഭവിച്ച് കാട് കയറി പോകുന്നു |
| C | ആകൃതിയും പ്രകൃതിയും മാറുന്നു. |
| D | ശരീരവും മനസ്സും അറിവും സാമർത്ഥ്യവും |

17. ഖുർആനിനെ സംബന്ധിച്ച് സൂറ യാസീനിൽ പറഞ്ഞതെന്ത് ?

| | |
|---|---|
| A | മരിച്ചവർക്ക് വേണ്ടി മരണ ശേഷം ഓതി ഖത്തം തീർക്കുവാൻ |
| B | ഉപദേശങ്ങളും സന്ദേശങ്ങളും അടങ്ങിയ പാരായണ ഗ്രന്ഥം |
| C | ജീവസ്സോടെ ഇരിക്കുന്നവരെ വരാനിരിക്കുന്ന വിപത്ത് താക്കീത് ചെയ്യുവാൻ |
| D | മയ്യത്തിന് വേണ്ടി പാരായണം ചെയ്യാൻ |

18. ഇപ്പോൾ വലിയ എതിരാളിയായിത്തീർന്ന മനുഷ്യനോട് അല്ലാഹു ചോദിക്കുന്ന ചോദ്യമെന്താണ്? (യാസീൻ 77)

| | |
|---|---|
| A | മനുഷ്യനെ മണ്ണിൽ നിന്ന് നാം സൃഷ്ടിച്ചിരിക്കുന്നത് കണ്ടറിയുന്നില്ലേ? |
| B | മനുഷ്യനെ നാം ഒരു തുള്ളിയിൽ സൃഷ്ടിയിൽ കണ്ട് അറിയുന്നില്ലേ? |
| C | ജിന്നിനു നുരുമ്പിയ എല്ലുകളെ ജീവിപ്പിക്കുന്ന് ആരാണ് ? |
| D | മനുഷ്യനെ നാം വെള്ളത്തിൽ നിന്ന് സൃഷ്ടിച്ചത് അറിയുന്നില്ലേ ? |

19. ജീർണ്ണിച്ച മനുഷ്യനെ രണ്ടാമതും ജീവിപ്പിക്കുന്നതിനേക്കാൾ ആശ്ചര്യമായ ഏത് കാര്യമാണ് അല്ലാഹു ചെയ്യുന്നത് ? (യാസീൻ)

| | |
|---|---|
| A | ആകാശ ഭൂമികളെ സൃഷ്ടിക്കുന്നത് . |
| B | പ്രപഞ്ച മുഴുവൻ നിയന്ത്രിക്കുന്നത് |
| C | സൃഷ്ടിജാലകങ്ങൾക്ക് മുഴുവൻ ഭക്ഷിപ്പിക്കുന്നത് |
| D | പച്ച മരത്തിൽ നിന്ന് തീ ഉണ്ടാകുന്നത് |

20. "കവിതകളിൽ കൂടുതൽ ആസ്വാദ്യമായത് അതിൽ വെച്ച് കൂടുതൽ കളവാക്കുന്നത് " ഇത് ആരുടെ ഉദ്ധരണിയാണ് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഖുർആൻ | B | നബി വചനം | C | മഹത് വചനം | D | ആപ്ത വാക്യം |

21. സഹായം കിട്ടാൻവേണ്ടി അല്ലാഹുവിന് പുറമേ പല ആരാധ്യന്മാരെ സ്വീകരിച്ചിരുന്നവർക്ക് എന്തെങ്കിലും സഹായം ലഭിക്കുമോ ? (യാസീൻ 75)

| | |
|---|---|
| A | ആരാധ്യമാർ ശുപാർശ ചെയ്തേക്കാം |
| B | ആരാധ്യമാർ പാപം ലഘൂകരിച്ചേക്കാം |
| C | ആരാധ്യന്മാർക്ക് സഹായിക്കാൻ സാധ്യമല്ല |
| D | ആരാധകന്മാർക്ക് സ്വർഗ്ഗം വാങ്ങികൊടുത്തേക്കാം |

22. മലക്കുകൾക്ക് ചിറകുകളുണ്ടോ ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഉണ്ട് | B | ഇല്ല | C | ഉണ്ടായേക്കാം | D | ഉറപ്പില്ല |

23. നബി(സ) നേർക്ക് നേരെ ആദ്യമായി ജിബ്രീലിനെ കണ്ടപ്പോഴുള്ള അനുഭവം സ്വയം പറഞ്ഞതെന്താണ് ?

| | |
|---|---|
| A | ഞാൻ പേടിച്ച് നടുങ്ങി നിലത്ത് വീഴാൻ പോയി |
| B | ഞാൻ ജിബ്രീലിന്റെ രൂപത്തിൽ ഭയപ്പെട്ട് പോയി |
| C | ഞാൻ എന്നെപറ്റി ഭയപ്പെട്ട് പോയി |
| D | ഞാൻ എനിക്ക് താങ്ങാനാകാതെ ബോധം കെട്ട് പോയി |

24. ആയുസ്സ് നൽകുന്നതും ആയുസ്സ് കുറക്കുന്നതും ഏത് രേഖയിലാണുള്ളത് ?

| | | | |
|---|---|---|---|
| A | ഹസ്ത രേഖയിൽ | B | ആയുഷ് രേഖയിൽ |
| C | ഗ്രന്ഥത്തിലെ രേഖയിൽ | D | അന്നരേഖയിൽ |

25. അല്ലാഹു കാറ്റിനെ കൊണ്ട് എന്ത് ഇളക്കി വിടുന്നു? (ഫാതിർ 9)

| | | | | | | | |
|---|---|---|---|---|---|---|---|
| A | കടൽ | B | കാട് | C | മേഘം | D | മഴ |

26. സമമാകുയില്ലെന്ന് സൂറ: ഫാത്വിറിൽ പറഞ്ഞ സമുദ്രങ്ങളിൽ ഒരു പോലെ സമമായിട്ടുള്ളത് എന്തെല്ലാം ?

| | | | |
|---|---|---|---|
| A | രുചിയും ശുചിയും | B | ഉപ്പും കൈപ്പും |
| C | ചവർപ്പും പുളിയും | D | മുത്തും പവിഴവും |

27. പ്രതാപം എന്നാൽ എന്താണ് ?

| | |
|---|---|
| A | സാമ്പത്തികമായി ശക്തി |
| B | എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യം |
| C | എല്ലാം അടക്കി ഭരിക്കുന്ന സ്വാധീനം |
| D | അല്ലാഹുവിനുള്ളതും അല്ലാഹു നൽകുന്നതും |

28. അല്ലാഹുവിന് പുറമെ വിളിച്ചു പ്രാർത്ഥിക്കപെടുന്നവർക്കില്ലാത്ത സ്വാധീനത്തിന്റെ നിസ്സാരതക്ക് ഉപമിച്ച قطمير എന്നതിന്റെ സാരമെന്ത്?

| | |
|---|---|
| A | വളരേ നിസ്സാരമായ സ്വാധീനമേ ഉള്ളൂ. |
| B | അവർക്ക് ഒരു സ്വാധീനവും ഇല്ല |
| C | വളരേ ചെറിയ അളവിനായിരുന്നാലും സ്വാധീനമുണ്ട് |
| D | ഈന്തപ്പന കുരുവിനെ പൊതിഞ്ഞ പാട പോലെ സ്വാധീനം |

29. അല്ലാഹു അല്ലാത്തവർ ആരോടായിയിരുന്നാലും പ്രാർത്ഥിച്ചാൽ ശിർക്കാണ്. എന്നാൽ മരണപെട്ടവർ കേൾക്കുമോ എന്ന പരിശോധനയും ന്യായീകരണവും സംബന്ധിച്ച് എന്താണ് തഫ്സീറിൽ പറയുന്നത് ?

| | |
|---|---|
| A | സത്യം മനസ്സിലാക്കാൻ നല്ലതാണ് |
| B | തെറ്റിയാലും പ്രതിഫലം ലഭിക്കുന്നതാണ് |
| C | ഖുർആനിനെ ധിക്കരിക്കൽ മാത്രമാണ് |
| D | മുശ്‌രിക്കുകളുടെ അടയാളമാണ് |

30. മരണമടഞ്ഞ മഹാത്മാക്കളെ വിളിച്ച് പ്രാർത്ഥിച്ചാൽ എന്ത് സംഭവിക്കും എന്ന് ഖുർആനിൽ പറഞ്ഞതിന്റെ വിരുദ്ധമായ പ്രസ്താവന ഏത്?

| | |
|---|---|
| A | പ്രാർത്ഥന മരിച്ചവർ കേൾക്കുകയില്ല |
| B | പ്രാർത്ഥനക്ക് മരിച്ചവർ ഉത്തരം നൽകുകയില്ല |
| C | ഖിയാമത്ത് നാളിൽ ഈ ശിർക്കിനെ നിഷേധിക്കും |
| D | മഹാത്മാക്കൾ മുഖേന അല്ലാഹുവിലേക്ക് അടുക്കാം |

31. അല്ലാഹു ആകാശത്തെ അലങ്കരിച്ചത് എന്ത് മുഖേനയാണ്? (സ്വാഫ്ഫാത്ത്)

| | | | |
|---|---|---|---|
| A | വിളക്കുകൾ | B | നക്ഷത്രഅലങ്കാരം |
| C | സൂര്യചന്ദ്രന്മാർ | D | നീല നിറം |

32. شهاب എന്ന വാക്കിന്റെതല്ലാത്ത മലയാള അർത്ഥം

| | | | |
|---|---|---|---|
| A | കൊള്ളിമീൻ /വീഴ് നക്ഷത്രം | B | ജോതിസ്സ് /ബാണനക്ഷത്രം |
| C | കുന്തമുന /ചാട്ടുളി | D | വിറക് കൊള്ളി /തുളക്കുന്നത് |

33. ലാഇലാഹ ഇല്ലല്ലാഹ് എന്ന് പറയുമ്പോൾ അവിശ്വാസികൾ ചെയ്തിരുന്നത് എന്താണ് **?** (സ്വാഫ്ഫാത്ത് 35 )

| | |
|---|---|
| A | അനുസരണം കാണിക്കുകയായിരുന്നു |
| B | അഹംഭാവം കാണിക്കുകയായിരുന്നു |
| C | മുഹമ്മദ് റസൂലുല്ലാ പറയുമായിരുന്നു |
| D | ഇസ്ലാമിലേക്ക് പ്രവേശിക്കുമായിരുന്നു |

34. "നിശ്ചയമായും എനിക്കൊരു ഉറ്റ സ്നേഹിതൻ ഉണ്ടായിരുന്നു" എന്ന് പറഞ്ഞയാൾ സ്വർഗ്ഗത്തിൽ കൂട്ടുകാരനോട് ചോദിക്കുന്നതിൽ പെടാത്തത് ഏത് ? (സ്വാഫ്ഫാത്ത് 35)

| | |
|---|---|
| A | മരണപ്പെട്ടു മണ്ണും എല്ലും ആയാൽ പ്രതിഫല നടപടി എടുക്കുമോ? |
| B | നിങ്ങൾ എത്തിനോക്കാൻ ഉദ്ദേശിക്കുന്നവരാണോ? |
| C | ഇനി നാം മരണപ്പെട്ടു പോകുന്നവരല്ലല്ലോ? |
| D | നമ്മുടെ ആദ്യമരണമല്ലാതെ നാം ശിക്ഷിക്കപ്പെടുന്നവരല്ലല്ലോ |

35. ജ്വലിക്കുന്ന നരകത്തിന്റെ അടിയിൽ ഉൽപാദിക്കുന്ന വൃക്ഷത്തിന്റെ പേരെന്ത് ? (സ്വാഫ്ഫാത്ത്)

| | | | | | | | |
|---|---|---|---|---|---|---|---|
| A | ശജറത്തുൻ | B | സഖ്ഖൂം | C | ജുഹീം | D | ഹമീം |

36. നിങ്ങൾ തിന്നുന്നില്ലേ? നിങ്ങൾ മിണ്ടുന്നില്ലേ എന്ന് ഇബ്രാഹീം നബി വിഗ്രഹങ്ങളോട് ചോദിക്കുന്നതിൽ നിന്ന് വ്യക്തമാക്കുന്നതെന്ത് ? (സ്വാഫ്ഫാത്ത്)

| | | | | | | | |
|---|---|---|---|---|---|---|---|
| A | ആദരവ് | B | പ്രതീക്ഷ | C | ആരാധന | D | നിന്ദ |

37. "അവർ പറഞ്ഞു നിങ്ങൾ അവനു വേണ്ടി ഒരു എടുപ്പ് നിർമിക്കുവീൻ" ആര് ആരോട് പറഞ്ഞതാണീ വാക്കുകൾ? (സ്വാഫ്ഫാത്ത് 97)

| | |
|---|---|
| A | ഫിർഔൻ ഹാമാനിനോട് |
| B | നംറൂദും കൂട്ടുകാരും ഇബ്റാഹീമിനോട് |
| C | ബിംബാരാധകറായ ജനം പരസ്പരം |
| D | നംറൂദ് ജനങ്ങളോട് |

38. ഇബ്റാഹീം നബി ഹിജ്റ പോയത് എവിടേക്ക് ആയിരുന്നു?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ബാബിലോണിയ | B | ശ്യാം | C | ഇറാഖ് | D | ഫലസ്തീൻ |

39. "പൊന്നുമോനേ,ഞാൻ നിന്നെ അറുക്കുന്നതായി സ്വപ്നം കാണുന്നു" അഭിപ്രായം ആരാഞ്ഞപ്പോൾ ഇസ്മായീൽ നബീയുടെ പ്രതികരണം എന്തായിരിന്നു? (സ്വഫ്ഫാത്ത് 106)

| | |
|---|---|
| A | പിതാവേ,നിങ്ങളുടെ ഇഷ്ടം പോലെ അറുക്കുകയോ വിടുകയോ ചെയ്യുക |
| B | വാപ്പാ,അല്ലാഹുവിന്റെ തൃപ്തിക്ക് ആടിനെ അറുക്കുക |
| C | പിതാവേ അവിടുന്ന് ആഗ്രഹിക്കുന്നത് പ്രവർത്തിക്കുക |
| D | എന്റെ ഉപ്പാ,അവിടുത്തോട് കൽപിക്കുന്നത് അവിടുന്ന് ചെയ്യുക |

40. നബി വചന പ്രകാരം എന്താണ് പ്രവാചകത്വത്തിന്റെ 46 അംശങ്ങളിൽ ഒന്ന്? (ബുഖാരി ,മുസ്ലിം)

| | | | |
|---|---|---|---|
| A | നല്ല സ്വപ്നം | B | വഹ്‌യ് |
| C | മുഅ്ജിസത്ത് | D | കറാമത്ത് |

41. യൂനുസ് നബിയെ അയച്ചത് എത്ര ജനങ്ങളിലേക്കാണ് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | 10000 | B | 1000 | C | ലക്ഷം | D | പത്ത് ലക്ഷം |

42. ഇല്ല്യാസ് നബിയുടെ ജനങ്ങൾ ആരാധിച്ച ബഅ്ല് ആരായിരുന്നു ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | വിഗ്രഹം | B | മഹാൻ | C | ഔലിയ | D | മുൻപ്രവാചകൻ |

43. സുലൈമാൻ നബിയുടെ മരണത്തെ കുറിച്ച് ആദ്യം അല്ലാഹു അറിവ് നൽകിയത് ആർക്കാണ്? (സബഅ് 14)

| | | | | | | | |
|---|---|---|---|---|---|---|---|
| A | ജിന്ന് | B | ദാവൂദ് | C | ബിൽകീസ് | D | ചിതൽ |

44. "ശുദ്ധമായ രാജ്യം പൊറുക്കുന്നവനായ റബ്ബ്" ഏതാണീ രാജ്യം? (സബഅ് 15)

| | | | | | | | |
|---|---|---|---|---|---|---|---|
| A | മക്ക | B | മദീന | C | ജറുസലോം | D | യമൻ |

45. അല്ലാഹുവിന് പുറമേ നിങ്ങൾ ആരാധ്യന്മാരായി ജൽപ്പിക്കുന്നവരെ വിളിച്ച് പ്രാർത്ഥിച്ചു കൊള്ളുക. എന്ന് പറയുക നബിയേ " ഈ വചനം പൂർണ്ണമാകുന്നതിൽ ഉൾപ്പെടാത്തത് ഏതാണ് ?(സബഅ് 22)

| | |
|---|---|
| A | ഇത് ശിർക്ക് ചെയ്യുന്നതിനുള്ള അനുമതിയാണ് |
| B | ആകാശ ഭൂമികളിൽ അവർക്ക് ഒന്നും അധീനമല്ല |

| | |
|---|---|
| C | ആകാശ ഭൂമികളിൽ അവർക്ക് ഒരു പങ്കും ഇല്ല |
| D | ആകാശഭൂമികളിൽ അവർക്ക് ഒരു പിന്തുണക്കാരും ഇല്ല |

46. മലക്കുകളുടെ ശുപാർശയെ സംബന്ധിച്ച് ശരിയേതാണ് ? (സൂറ:അമ്പിയാഅ്)

| | |
|---|---|
| A | അല്ലാഹു തൃപ്തിപ്പെട്ടവർക്കല്ലാതെ മലക്കുകൾ ശുപാർശ ചെയ്യില്ല |
| B | മലക്കുകൾക്ക് എങ്ങിനെ വേണമെങ്കിലും ശുപാർശ ചെയ്യാം |
| C | മലക്കുകളുടെ ശുപാർശയാണ് വലിയ ശുപാർശ |
| D | ആകാശ ഭൂമികളിൽ അവർക്ക് ഒരു പിന്തുണക്കാരും ഇല്ല |

47. "പക്ഷേ അധികം ആൾക്കും അറിയുന്നില്ല" ഏതാണീ കാര്യം (സൂറ:സബഅ്)

| | |
|---|---|
| A | മുഹമ്മദ് നബി മനുഷ്യരിലേക്ക് ആഗമാനം നിയോഗിക്കപ്പെട്ടവനാണ് |
| B | സ്വർഗ്ഗ നരകങ്ങൾ സംഭവിക്കാനുള്ളത് തന്നെയാണ് |
| C | സർവ്വലോക രക്ഷിതാവും നിയന്താവും ഏകനായ ദൈവമാണ് |
| D | ആകാശത്തെ എണ്ണമറ്റ മലക്കുകൾ അല്ലാഹുവിന്റെ സൃഷ്ടികളാണ് |

48. ഖബറിലെ ജീവിതത്തെ സംബന്ധിച്ച് ഖുർആനും ഹദീസും വഴി സ്ഥിരപ്പെട്ട കാര്യമേത് ?

| | |
|---|---|
| A | സുഖകരമായ ഒരു ഉറക്കമായിരിക്കും |
| B | സുഖ സന്തോഷവും ഭയ ദുഖവും അനുഭവിക്കും |
| C | രക്ഷാ ശിക്ഷകൾ ഖബറിലില്ല |
| D | ഖബർ ശിക്ഷ അവിശ്വസനീയമാണ് |

49. "ഉപദേശം പരസ്യമായാൽ വ്യക്തിയെ വികലപ്പെടുത്തലും ഉപദേശം സ്വകാര്യമായാൽ അവനെ അലങ്കരിക്കലുമാണ്" ഈ ആശയം അടങ്ങിയ തത്വം പറഞ്ഞത് ആരാണ്?

| | | | |
|---|---|---|---|
| A | ഇമാം ഹനഫി (റ) | B | ഇമാം ശാഫി(റ) |
| C | ഇമാം മാലികി(റ) | D | ഇമാം ഹമ്പൽ (റ) |

50. "നിശ്ചയമായും ഞങ്ങൾ തന്നെയാണ് തസ്ബീഹ് നടത്തുന്നവർ" കൂടുതൽ വ്യാഖ്യാതാക്കളും പറഞ്ഞത് ആര് പറഞ്ഞു എന്നാണ് ? (സ്വാഫ്ഫാത്ത് 166)

| | | | | | | | |
|---|---|---|---|---|---|---|---|
| A | മലക്കുകൾ | B | മുശ്‌രിക്കുകൾ | C | വിശ്വാസികൾ | D | നബിമാർ |